കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊളച്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് –2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി6/1381/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

ഫോൺ - 04972-707698

തീയ്യതി: 10.08.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),
കൊളച്ചേരി ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | കൊളച്ചേരി ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്. |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

നം.കെ.എസ്.എ/കെ.എൻ.ആർ./സി6/1381/2017.

തീയതി :10.08.2017.

<u>കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ആമുഖം

കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 20 അന്വേഷണക്കുറിപ്പുകളിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ. |

.

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.07.2017 മുതൽ 28.07.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | ശ്രീമതി.രമണി കിഴക്കീൽ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. റീന പിട്ടൻ<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.മിഥുചന്ദ്ര സി, ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

പ്രസിഡണ്ട്:

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. കെ.സി.പി. ഫൗസിയ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി:

| പേര് | കാലയളവ് |
|---|---|
| ശ്രീ. ഷംസുദ്ദീൻ.കെ.ബി. | 01.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | നിജേഷ്.സി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | രാധാകൃഷ്ണൻ. പി. | 01.04.2016 മുതൽ 30.01.2017 വരെ |
| | ഗായത്രി.എസ്. | 30.01.17 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| വി.ഇ.ഒ. കൊളച്ചേരി | ജയപ്രകാശ്.പി.കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | . നിമ്മി.എം.കെ. | 01.04.2016 മുതൽ 20.01.2017 വരെ<br>21.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | സിനി.എൻ. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പ്രദീപ് കുമാർ.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജ്ജൻ | അനമോൾ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(Homeo) | സുനിൽ രാജ്<br>ശ്രുപ ജിനദേവൻ | 01.04.2016 മുതൽ 26.02.2017 വരെ<br>27.02.2017 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ബാലകൃഷ്ണൻ.എം. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 –പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| | | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ഗ്രാമസഭ | 1-11 |

| ഭാഗം - 2 - വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
|---|---|---|
| 1 | തൊഴിൽ നികുതി ഈടാക്കിയത് കുറവ് | 2-1 |
| 2 | ബിൽഡിംഗ് പെർമിറ്റ് ഫീസ് അപാകങ്ങൾ | 2-2 |
| 3 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട അപാകങ്ങൾ | 2-3 |
| 4 | വസ്തു നികുതി അപാകങ്ങൾ | 2-4 |
| 5 | ടെലി കമ്മ്യൂണിക്കേഷൻ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-5 |

| ഭാഗം - 3 - ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
|---|---|---|
| 1 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല | 3-1 |
| 2 | പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ - സർക്കാർ നിർദ്ദേശം പാലിക്കാതെ തുക അഡ്വാൻസായി അനുവദിച്ചത് ചെലവ് തുക 2,00,000/- തടസ്സപ്പെടുത്തുന്നു. | 3-2 |

| | | |
|---|---|---|
| | | |
| 3 | ഭവന പുനരുദ്ധാരണം (പട്ടിക ജാതി) – സർക്കാർ നിർദ്ദേശം പാലിക്കാതെ ധനസഹായം അനുവദിക്കുന്നത് ഒഴിവാക്കേണ്ടതാണ്. | 3-3 |
| 4 | ഇ ടെണ്ടർ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല | 3-4 |
| 5 | സംയുക്ത പ്രൊജക്ടുകളിൽ ബാക്കിയായ തുക തിരിച്ചടക്കേണ്ടത്. | 3-5 |
| 6 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് - വാഹനങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ. | 3-6 |
| 7 | തെരുവു വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 3-7 |
| 8 | ഒഴിഞ്ഞ ബാരൽ വില ഒടുക്കുന്നത് സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-8 |

| ഭാഗം - 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| | അനുബന്ധം -2 (റെസീറ്റ് & പേയ്മെന്റ്) | |
| | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |
| | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ 39/16 നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 42,87,866 |
| വരവ് | 5,34,47,799 |
| ആകെ | 5,77,35,665 |
| ചെലവ് | 5,71,97,193 |
| നീക്കിയിരിപ്പ് | 5,38,472 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2016-17 | 31.07.2017 | 29.05.2017 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27.07.2017 | ഇതേ റിപ്പോർട്ട് നമ്പർ & തീയതി |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ:

1. തൻവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് (ഓപ്പണിംഗ് സ്റ്റോക്ക്, സ്റ്റോർ പർച്ചേസ്, ക്ലോസിംഗ്

സ്റ്റോക്ക്) തയ്യാറാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തു നികുതി ഇനത്തിൽ സഞ്ചയ പ്രകാരമുള്ള ആകെ വരവും സാംഖ്യ പ്രകാരമുള്ള ആകെ വരവും പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

2016-17 വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രിക വിവരം.

സാമ്പത്തിക വിശകലനം:

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 1,29,76,077 |
| വരവ് | 3,93,96,023 |
| ആകെ | 5,23,72,100 |
| ചെലവ് | 3,49,66,339 |
| നീക്കിയിരിപ്പ് | 1,74,05,761 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷത്തെ അലോട്ട്മെൻറ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 96,43,981 | 96,43,981 | 79,90,367 | 16,53,614 |
| വികസന ഫണ്ട് (എസ്.സി.പി) | 29,26,578 | 29,26,578 | 23,41,555 | 5,85,023 |
| വികസന ഫണ്ട് (ടി.എസ്.പി) | 21,291 | 21,291 | 21,291 | 0 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 59,48,613 | 59,48,613 | 35,65,411 | 23,83,202 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 26,69,277 | 26,69,277 | 9,97,175 | 16,72,102 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 54,07,809 | 54,07,809 | 17,72,487 | 36,35,322 |
| ബി.ഫണ്ട് | 4,01,40,735 | 4,01,40,735 | 4,00,79,695 | 61,040 |
| ലോകബാങ്ക് സഹായം | 28,32,311 | 28,32,311 | 0 | 28,32,311 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 76,68,708 | 76,68,708 | 78,67,695 | 1013 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം:

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 99 | 4,78,77,905 | 97 | 2,22,11,431 | - | 2 | 46 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.2 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 41,12,015 | 46,66,529 | 5,54,514 | (+)13.48 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 8,60,390 | 9,06,930 | 46,540 | (-)5.4 |
| മറ്റ് വരവുകൾ | 3,09,555 | 4,59,122 | 1,49,567 | (+)48.3 |
| ആകെ | 52,81,960 | 60,32,581 | 7,50,621 | (+)14.2 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 19.06.2014 | 2009 -10 മുതൽ 2013-14 വരെ | 25.08.2014 | - |
| പെർഫോമെൻസ് ഓഡിറ്റ് | 18.07.2017 | 01.04.2017 മുതൽ 30.06.2017 വരെ | ലഭിച്ചിട്ടില്ല | - |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 25,47,650 | 293 |
| തൊഴിൽ രഹിത വേതനം | 1,02,960 | 60 |
| വിധവാ പെൻഷൻ | 1,41,01,880 | 1153 |
| വാർദ്ധക്യകാല പെൻഷൻ | 1,89,20,840 | 1743 |
| വികലാംഗ പെൻഷൻ | 21,22,475 | 240 |
| അവിവാഹിത പെൻഷൻ | 8,15,170 | 75 |
| വിവാഹ ധനസഹായം | 13,50,000 | 45 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2017-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4,904/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.08.2004-ലെ 22675/L3/99 നമ്പർ സർക്കുലർ പ്രകാരം ഗ്രാമസഭ കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്. പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രം ചേരുന്ന ഗ്രാമസഭാ യോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കാണേണ്ടതും അവ മേൽപറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ 2016-17 കാലയളവിൽ രണ്ട് തവണ (24.08.2017, 23.10.2016) മാത്രമേ ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളൂ.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കിയത് കുറവ്

1) സ്ഥാപനങ്ങൾ നൽകിയ തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ കൃത്യമായി പരിശോധിക്കാതെ തൊഴിൽ നികുതി ഈടാക്കിയത് മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ പാമ്പുരുത്തി പിഎച്ച്സി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിച്ചതിൽ രണ്ട് അർദ്ധവർഷങ്ങളിലും ബോണസ്/ഉത്സവ ബത്ത എന്നിവ ലഭിച്ചതായി കാണിച്ചിട്ടില്ല. ആയതിനാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരെ വിവരം അറിയിച്ച് കുറവ് വന്ന തുക അടവാക്കുവവാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചത്.

2) കോൺട്രാക്ടർമാർ തൊഴിൽ നികുതി അടവാക്കുന്നില്ല:

പഞ്ചായത്തിൽ കോൺട്രാക്ടർ ആയി തൊഴിൽ ചെയ്യുന്നവർ തൊഴിൽ നികുതി അടവാക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചത്.

കൂടാതെ സ്ഥാപനത്തിൽ പുതിയതായി ജീവനക്കാർ പ്രവേശിക്കുന്ന തീയതി, മുൻ അർദ്ധവർഷത്തിൽ സ്ഥാപനത്തിൽ ഉണ്ടായിരുന്ന ഏതെങ്കിലും ജീവനക്കാർ സ്ഥാപനം വിട്ടു പോയെങ്കിൽ ആ തീയതി, മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാകുന്നില്ല. മേൽ സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ച് പഞ്ചായത്തിന് തൊഴിൽ നികുതി ഇനത്തിൽ നഷ്ടം വരുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് ഫീസ് അപാകങ്ങൾ

കൊളച്ചേരി പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് ഫീസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ ചില അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ചില അപേക്ഷകളിൽ പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. എൻ ഒ സി രജിസ്റ്റർ, ക്രമവത്കരണം നടത്തിയ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വാർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ പെർമിറ്റ് ഫീസ് വരവുകളുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 2-3 കൊളച്ചേരി ഗ്രാമപഞ്ചായത്ത് ഡി ആന്റ് ഓ ലൈസൻസുമായി ബന്ധപ്പെട്ട അപാകങ്ങൾ

കൊളച്ചേരി പഞ്ചായത്തിൽ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ അപൂർണ്ണമാണ്:

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ലഭിക്കുന്നതിന് വേണ്ടിയും ലൈസൻസ് പുതുക്കുന്നതിന് വേണ്ടിയും സ്വീകരിക്കുന്ന അപേക്ഷകൾ അപൂർണ്ണമാണ്. അപേക്ഷകളിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കാതെയാണ് ലൈസൻസ് ഫീ നിർണ്ണയിച്ച് ഈടാക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | സ്ഥാപനം |
|---|---|
| ഉറുവലിൽ മോഹനൻ | റീന ഹോട്ടൽ |
| എ.സഹജൻ | ഹൈ ഫാഷൻ റെഡിമെയ്ഡ് ഷോപ്പ് |
| മനോജ് കുമാർ പി.കെ. | എസ്.എം. മോട്ടോർ വർക്ക് ഷോപ്പ് |
| അബ്ദുൾ സലാം | മലഞ്ചരക്ക് വ്യാപാരം |

2) റേഷൻ കടകളിൽ നിന്നും ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല:

1996-ലെ കേരള പഞ്ചായത്ത്‌രാജ് ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകുന്ന ചട്ടങ്ങളിലെ പട്ടിക 1 ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ഫീസ് ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കൊളച്ചേരി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 6 റേഷൻ കടകളിൽ നിന്നും ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ആയതിനാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 1996-ലെ കേരളാ പഞ്ചായത്ത്‌രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകുന്ന ചട്ടങ്ങളിലെ സെക്ഷൻ 26 പ്രകാരം ചട്ട ലംഘനത്തിന് പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 2-4 വസ്തു നികുതി അപാകങ്ങൾ

I) വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ:

പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം (നമ്പർ ബി1-5115/11 തീയതി 03.01.2012) വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30/- രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 50/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം ചട്ടം 4, ഉപചട്ടം 1-ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ അവയെ വേറെ വേറെ കെട്ടിട ഭാഗങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേകം വസ്തു നികുതി ചുമത്തുവാൻ പാടുള്ളൂ. എന്നാൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത ഭാഗങ്ങൾക്ക് വേറെ വേറെയായി 100 ചതുരശ്ര മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ ചതുരശ്ര മീറ്ററിന് 30/- രൂപയാണ് ചുമത്തുന്നത്. 100 ചതുരശ്ര മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള താഴെ പറയുന്ന ഷോപ്പുകൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 50/- രൂപ എന്നതിനു പകരം 30/- രൂപ എന്ന തോതിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. (ഓഡിറ്റ് അന്വേഷണം നം.14/17 തീയ്യതി : 27.07.2017). മേൽ പരാമർശിച്ച പ്രകാരം നികുതി നിർണ്ണയം നടത്തിയതിനാൽ ഉദാഹരണമായി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം കെട്ടിടങ്ങളുടെ നികുതിയിൽ കുറവ് സംഭവിച്ചു വരുന്നുണ്ട്. ആയതിനാൽ നികുതി നിർണ്ണയത്തിൽ കൂടുതൽ പരിശോധന നടത്തി നികുതി നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1) ഉടമസ്ഥന്റെ പേര് : കത്തിച്ചാൽ പുതിയ പുരയിൽ റഫീഖ്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

| ക്രമ നം. | കെട്ടിട നം./ അസസ്സ്മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥശാല വരി 5%) (20% ST) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5%) ST 20% | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | വാർഡ്-8 16/A | 18.01 | 812 | 1351 | 539 | 20% വർദ്ധനവ് | 100495/ 07.05.2015 |
| 2 | വാർഡ്-8 16/B | 18.01 | 812 | 1351 | 539 | 20% വർദ്ധനവ് | 100496/ 07.05.2015 |
| 3 | വാർഡ്-8 16/C | 18.01 | 812 | 1351 | 539 | 20% വർദ്ധനവ് | 100497/ 07.05.2015 |
| 4 | വാർഡ്-8 16/D | 18.01 | 812 | 1351 | 539 | 20% വർദ്ധനവ് | 100498/ 07.05.2015 |
| 5 | വാർഡ്-8 16/E | 19 | 856 | 1425 | 569 | 20% വർദ്ധനവ് | 100499/ 07.05.2015 |
| 6 | വാർഡ്-8 16/F | 19 | 856 | 1425 | 569 | 20% വർദ്ധനവ് | 100500/ 07.05.2015 |
| 7 | വാർഡ്-8 16/G | 19 | 856 | 1425 | 569 | 20% വർദ്ധനവ് | 100501/ 07.05.2015 |
| 8 | വാർഡ്-8 16/H | 19 | 856 | 1425 | 569 | 20% വർദ്ധനവ് | 100502/ 07.05.2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | ആകെ | 148.04 | 6672 | 11104 | 4432 | | |

2) ഉടമസ്ഥന്റെ പേര് : കൈപ്രത്ത് പുതിയ പുരയിൽ മുസ്തഫ

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം

| ക്രമ നം. | കെട്ടിട നം./ അസസ്സ് മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തു നികുതി+ (ഗ്രന്ഥശാല വരി 5%)+ ST 20% | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാല വരി 5%) ST 20% | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | വാർഡ്-5 181/A | 95.02+7 | 4592 | 7652 | 3060 | 20% വർദ്ധനവ് | 06496/ 28.02.95 |
| 2 | വാർഡ്-5 181/B | 95.02+7 | 4592 | 7652 | 3060 | 20% വർദ്ധനവ് | 06497/ 28.02.95 |
| | ആകെ | 204.04 | 9184 | 15304 | 6120 | | |

3) ഉടമസ്ഥന്റെ പേര് : കൊശോൻകണ്ടി സമീർ,

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം

| ക്രമ നം. | കെട്ടിട നം./ അസസ്സ് മെന്റ് നം. | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥശാല വരി 5%)+ (ST 20%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാല വരി5%)+ (ST 20%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | വാർഡ്-2 682/D | 52 | 2341 | 3900 | 1559 | 20% വർദ്ധനവ് | 05713/ തിയ്യതി ഇല്ല. 12/14 |
| 2 | വാർഡ്-2 682/E | 52.01 | 2342 | 3901 | 1559 | 20% വർദ്ധനവ് | 0571/ തിയ്യതി ഇല്ല. 12/14 |
| 3 | വാർഡ്-2 682/F1 | 21 | 899 | 1575 | 676 | 20% വർദ്ധനവ് | 05714/ തിയ്യതി ഇല്ല. 12/14 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | വാർഡ്-2 682/F2 | 21 | 899 | 1575 | 676 | 20% വർദ്ധനവ് | 02599/ 09.10.15 |
| | ആകെ | 146.01 | 6481 | 10951 | 4470 | | |

4) ഉടമസ്ഥന്റെ പേര് : കൊശോൻകണ്ടി ഇബ്രാഹിം കുട്ടി

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം

| ക്രമ നം. | കെട്ടിട നം./ അസസ്സ് മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥശാല വരി 5%+ ST 20%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാല വരി 5%+) ST 20%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | വാർഡ്-2 682/G | 40 | 1800 | 3000 | 1200 | 20% വർദ്ധനവ് | 05716/ തീയതിഇല്ല 12/14 |
| 2 | വാർഡ്-2 682/G1 | 32.02 | 1442 | 2415 | 973 | 20% വർദ്ധനവ് | 02600/ 09.10.15 |
| 3 | വാർഡ്-2 682/H | 72.02 | 3242 | 5401 | 2159 | 20% വർദ്ധനവ് | 05717/ തീയതി ഇല്ല 12/14 |
| 4 | വാർഡ്-2 682/I FF 6% ഇടവ് | 29 | 1241 | 2066 | 825 | 20% വർദ്ധനവ് | 05718/ തീയതി ഇല്ല 12/14 |
| 5 | 682/I1 FF6% ഇടവ് | 29.02 | 1242 | 2081 | 839 | 20% വർദ്ധനവ് | 02601/ 09.10.15 |
| 6 | 682/I2 FF6% ഇടവ് | 29.2 | 1242 | 2081 | 839 | 20% വർദ്ധനവ് | 02602/ 09.10.15 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | 231.26 | 10209 | 17044 | 6835 | | |

5) ഉടമസ്ഥന്റെ പേര് : പൂവ്വംകുളത്തിൽ തോട്ടം പുരയിൽ നഫീസ നിയാസ്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ബഹുനില കെട്ടിടം -12% ഇളവ് അനുവദിച്ചിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം./ അസസ്സ് മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥശാല വരി 5%+ ST 20%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5%+ST 20%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|
| 1 | വാർഡ്-2 331/A | 35.1 | 1423 | 2369 | 946 | 20% വർദ്ധനവ് 12% ഇളവ് | 00927/ 03.05.14 |
| 2 | വാർഡ്-2 331/B | 30 | 1216 | 2025 | 809 | 20% വർദ്ധനവ് 12% ഇളവ് | 00928/ 03.05.14 |
| 3 | വാർഡ്-2 331/C | 26.1 | 1039 | 1762 | 723 | 20% വർദ്ധനവ് 12% ഇളവ് | 00929/ 03.05.14 |
| 4 | വാർഡ്-2 331/D | 24 | 973 | 1620 | 647 | 20% വർദ്ധനവ് 12% ഇളവ് | 00930/14 |
| | ആകെ | 115.1 | 4651 | 7776 | 3125 | | |

മേൽ പരാമർശിച്ച രീതിയിൽ നികുതി നഷ്ടം വരുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8146, 8147 നമ്പർ അസ്സസ്സ്മെന്റ് പ്രകാരം നികുതി നിർണ്ണയം നടത്തിയ 20x, 20y നമ്പറിലുള്ള കെട്ടിടങ്ങളുടെ ഒക്യുപ്പൻസി 6065/22.11.2011 പ്രകാരം റസിഡൻഷ്യൽ ആയി മാറ്റം വരുത്തിയതായി ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു സംബന്ധിച്ച മാറ്റം സഞ്ചയയിൽ വരുത്തേണ്ടതാണ്.

II) വാണിജ്യാവശ്യത്തിനുള്ള 200 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളിന്റെ നികുതി നിർണ്ണയത്തിലെ
അപാകങ്ങൾ:

പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം (ബി1-5115/11 തീയതി 03.01.2012 തീരുമാന പ്രകാരം) വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 200 ചതുരശ്ര മീറ്റർ വരെയുള്ള ഷോപ്പിംഗ് മാളുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30/- രൂപയും 200/- ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 70/- രൂപയുമാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4, ഉപചട്ടം 1-ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ അവയെ വേറെ വേറെ കെട്ടിട ഭാഗങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേകം വസ്തു നികുതി ചുമത്തുവാൻ പാടുള്ളൂ.

കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ തളിയിൽ വിജയൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 660 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് 07.09.2011-ന് 20a മുതൽ 20ab വരെയുള്ള നമ്പറുകൾ നൽകി നികുതി നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.15/16-17/27.07.2017).

a) 14.01.2011 മുതലുള്ള പുതി നികുതിദായകർക്ക് പുതിയ നിരക്കിലുള്ള (Plinth Area) നികുതിയാണ് ബാധകം. എന്നാൽ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 07.09.2011-ന് ആണ്. ARV പ്രകാരം നികുതി നിർണ്ണയം നടത്തിയത് ശരിയല്ല.
b) ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന ഷോപ്പിംഗ് മാളിന് 200 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുണ്ടായിരുന്നിട്ടും (660 ച.മീ.) ആയതിന്റെ നിരക്കായ 70/- രൂപ പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം 200 ച.മീ. കുറവുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന ഷോപ്പിംഗ് മാളിന് ബാധകമായ നിരക്കായ 30/- രൂപ പ്രകാരമാണ് വസ്തു നികുതി ചുമത്തിയിരിക്കുന്നത്.
c) അസസ്സ്മെന്റ് നമ്പർ 8146, 8147 എന്നിവ പ്രകാരം വസ്തു നികുതി നിർണ്ണയം നടത്തിയ 20X, 20Y ഭാഗങ്ങളുടെ ഒക്യുപ്പൻസി 6065/22.11.2011 നമ്പർ ഉത്തരവ് പ്രകാരം റസിഡൻഷ്യൽ ആയി മാറ്റിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച മാറ്റം സഞ്ചയയിൽ വരുത്തിയിട്ടില്ല.
മേൽ അപാകങ്ങൾ പരിഹരിച്ച് നികുതി നിർണ്ണയത്തിലുണ്ടായ നഷ്ടം ഈടാക്കാനുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ടെലി കമ്മ്യൂണിക്കേഷൻ ടവറിൽ നിന്നും വസ്തു നികുതി

**ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

കൊളച്ചേരി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട കമ്പിൽ ടൗണിൽ കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ചിട്ടുള്ള (വാർഡ് നമ്പർ -7 കെട്ടിട നമ്പർ 111) ടെലികമ്മ്യൂണിക്കേഷൻ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. മേൽ പരാമർശിച്ച ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടം നിലവിലില്ലാത്ത 23.01.2006-ന് നിരാക്ഷേപ പത്രം (No Objection Certificate) അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം കെട്ടിടത്തിന് മുകളിലുള്ള നിർമ്മാണത്തിന് ഇതേ വരെ വസ്തു നികുതി ചുമത്തുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർമ്മാണം പൂർത്തിയാക്കിയ വിവരം ഓഫീസിൽ അറിയിക്കാതിരുന്നതിനാലാണ് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന മറുപടിയാണ് നൽകിയത്. ടവറിന്റെ നിർമ്മാണം പൂർത്തിയായത് സംബന്ധിച്ചുള്ള വിവരം ഫീൽഡ് പരിശോധനയിലൂടെ റിപ്പോർട്ട് ചെയ്യാത്തത് ഫീൽഡ് സ്റ്റാഫിന്റെ ഭാഗത്തുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നിർമ്മാണം പൂർത്തിയാക്കിയ കാലം മുതലുള്ള നികുതി ബാക്ക് അസസ്മെന്റ് നടത്തി നഷ്ടം ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻകൂർ തുക നൽകിയിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭ്യമായില്ല.

പ്രോജക്റ്റിന്റെ പേര്: സ്വാന്തന പരിചരണ പദ്ധതി

| | |
|---|---|
| പ്രോജക്റ്റ് നം. | S0051/17 |
| അടങ്കൽ | 1,77,600/- (വികസന ഫണ്ട് -ജനറൽ)<br>1,36,400/- (തനത് ഫണ്ട്)<br>1,00,000/- (മറ്റ് ബ്ലോക്ക് പഞ്ചായത്ത്)<br>------------<br>4,14,000/- (ആകെ) |
| ചെലവ് | 1,70,800/-<br>66,893/-<br>69,082/- |

| | |
|---|---|
| | -----------<br>3,06,775/- (ആകെ) |
| അക്കൗണ്ട് നമ്പർ, തീയതി, തുക | 362400180000001, 24.03.2017, 69,082/- |

പിഎച്ച്സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി പാലിയേറ്റീവ് കെയറിലേക്ക് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലഭിച്ച 69,082/- രൂപ 24.03.2017 തീയതിയിൽ 36240018 0000001 എന്ന അക്കൗണ്ട് നമ്പറിലേക്ക് ട്രഷറി വഴി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-2 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കൽ - സർക്കാർ നിർദ്ദേശം പാലിക്കാതെ തുക അഡ്വാൻസായി അനുവദിച്ചത് ചെലവ് തുക 2,00,000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 47/17, പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ |
| അടങ്കൽ | 5,00,000/- |
| ചെലവ് | 3/09-03-2017 – ₹2,00,000 |
| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
| പി.രാഘവൻ | 50,000/- |
| എം.രാജു | 50,000/- |
| കെ.പ്രദീപൻ | 50,000/- |
| ടി.രാജൻ | 50,000/- |

പ്രോജക്ട് പ്രകാരം 4 പേർക്ക് പഠനമുറി നിർമ്മിക്കാൻ 2,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി)626/2016/ത.സ്വ.ഭ.വ. തീയതി 15.02.2016 പ്രകാരം നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.2/16-17/22.07.2017).

1. നിർമ്മിക്കുന്ന വീടിന് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം. എന്നാൽ നിർമ്മിക്കുന്ന പഠന മുറിയുടെ പ്ലാൻ ഹാജരാക്കിയിട്ടില്ല.

2.എസ്റ്റിമേറ്റ് ബന്ധപ്പെട്ട എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി മെഷർമെന്റ് എടുക്കണമെന്ന വ്യവസ്ഥ പാലിക്കാതെയാണ് തുക നല്കിയത്.

ഉത്തരവു പ്രകാരം നിർമ്മിക്കുന്ന മുറിക്ക് 120 ച.മീറ്ററിൽ കുറയാത്ത മുറി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ അളവെടുക്കണം. അളവ് അടിസ്ഥാനമാക്കി പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കാം. എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്മേലുള്ള വാല്യുവേഷൻ നടത്താതെ തുക അനുവദിച്ചതു കാരണം ഓരോ ഗുണഭോക്താവും എത്ര വിസ്തീർണ്ണമുള്ള മുറിയാണ് നിർമ്മിക്കുന്നത് എന്നും ആയതിന് എത്ര തുക ചെലവ് വരും എന്നും വ്യക്തമാകാത്ത സാഹചര്യത്തിൽ അഡ്വാൻസായി 50,000/- രൂപ വീതം അനുവദിച്ചത് ശരിയായ നടപടിയല്ല. ചെലവ് തുകയായ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ഭവന പുനരുദ്ധാരണം (പട്ടിക ജാതി) -സർക്കാർ നിർദ്ദേശം പാലിക്കാതെ ധനസഹായം അനുവദിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
|---|---|
| 1) പ്രോജ്ക്ട് നമ്പർ, പേര് | 8/17, ഭവന പുനരുദ്ധാരണം (പട്ടികജാതി) |
| അടങ്കൽ | 3,67,000/- |
| ചെലവ് | 2,25,000/- |
| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
| ഇ.പാഞ്ചാലി | 12,500/- |
| കെ.ഗോപാലൻ | 12,500/- |
| കെ.ജനാർദ്ദനൻ | 25,000/- |
| കെ.രാജൻ | 25,000/- |
| ചന്ദ്രൻ.എം. | 25,000/- |
| പി.സുകുമാരൻ | 25,000/- |

| | |
|---|---|
| എ.നാരായണൻ | 25,000/- |
| എ.പാഞ്ചു | 25,000/- |
| കെ.നാരായണി | 25,000/- |
| കെ.ശാന്ത | 25,000/- |
| 2) പ്രോജ്ക്റ്റ് നമ്പർ, പേര് | 87/17, ഭവന പുനരുദ്ധാരണം (പട്ടികജാതി) |
| അടങ്കൽ | 25,000/- |
| ചെലവ് | 25,000/- |
| പേര് | അനുവദിച്ച തുക |
| കെ.കമല | 25,000/- |

മേൽ പ്രോജക്ടുകൾ പ്രകാരം 12 പേർക്ക് ഭവന പുനരുദ്ധാരണത്തിന് 2,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നതിന് മുമ്പായി ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ. തീയതി 11.01.2016 പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല (അനുബന്ധം 15.(3.6.5). (ഓഡിറ്റ് അന്വേഷണം നം.3/16-17/22.07.2017).

1. ഗുണഭോക്താക്കൾ വീടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുത്ത ശേഷമായിരിക്കണം ധനസഹായം അനുവദിക്കേണ്ടത് എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

എസ്റ്റിമേറ്റ് തയ്യാറാക്കാതെ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഏത് രീതിയിലുള്ള പുനരുദ്ധാരണമാണ് തുക വിനിയോഗിച്ച് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാവുന്നില്ല.

മേൽ പരാമർശിച്ച പ്രകാരം മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതെ ധനസഹായം അനുവദിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ ധനസഹായം അനുവദിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല

ധനകാര്യവകുപ്പിന്റെ ജി.ഒ.(പി) 429/2015/ഫിൻ/28.09.2015 ഉത്തരവ് അനുസരിച്ച് 50,000/- മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ

തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500/- രൂപ, കൂടിയത് 2,000/- രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2,500/- രൂപയുമാണ്. 2016-17 വർഷം ഇ ടെണ്ടർ മുഖേന 6 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരനും ഓൺലൈനായി ടെണ്ടർ ഫീസ് എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ, പേര് | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|---|
| 1 | 12/16-17 | പാമ്പുരുത്തി ഖാദർ പീടിക റോഡ് ടാറിംഗ് | 2,520 |
| 2 | 14/16-17 | കരിങ്കൽകുഴി ലക്ഷം വീട് കോളനി റോഡ് റീ ടാറിംഗ് | 2,520 |
| 3 | 4316/17 | കമ്പിൽ സാംസ്കാരിക നിലയം കമ്പിൽ - പൂർത്തീകരണം. | 5,250 |
| 4 | 91/16-17 | കായച്ചിറ പള്ളിപ്പറമ്പ് റോഡ് പാച്ച് വർക്ക്. | 5,250 |
| 5 | 97/17 | സി.എച്ച്. മുഹമ്മദ് കോയ റോഡ് റീ ടാറിംഗ് | 3,150 |
| 6 | 94/17 | കരിങ്കൽ കുഴി പാലിച്ചാൽ റോഡ് റീ ടാറിംഗ് | 6,300 |
| | | ആകെ | 24,990 |

# 3-5 സംയുക്ത പ്രൊജക്ടുകളിൽ ബാക്കിയായ തുക തിരിച്ചടക്കേണ്ടത്

2016-17 വർഷത്തെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 26,37,958/- രൂപ സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുക വിനിയോഗിക്കുവാൻ ബാക്കിയുള്ളതാണ്. ഇതിൽ പ്രവൃത്തി പൂർത്തിയായ ചുവടെ കൊടുത്തിട്ടുള്ള തുകകൾ തിരിച്ചടക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | തുക അനുവദിച്ച ഏജൻസിയുടെ പേര് | ബാക്കിയായ തുക |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 3,09,136 |

| | | |
|---|---|---|
| 2 | ബ്ലോക്ക് പഞ്ചായത്ത് | 10,80,918 |

## 3-6 കൊളച്ചേരി ഗ്രാമ പഞ്ചായത്ത് - വാഹനങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ

സെക്രട്ടറിയുടെ ഔദ്യോഗിക വാഹനമായ KL 59 A 179 –ബൊലീറോയുടെയും ബഡ്സ് സ്കൂൾ നടത്തിപ്പിനായി ഉപയോഗിക്കുന്ന KL 59 D 7509, KL 59 D 5907 എന്നീ വാഹനങ്ങളുടെയും ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ ചില അപാകങ്ങൾ കണ്ടു.

തൻമാസത്തെ ഇന്ധന ഉപയോഗത്തെ കുറിച്ചും, യാത്ര ചെയ്ത ദൂരത്തെയും സംബന്ധിച്ചുള്ള മാസാന്ത്യ സംക്ഷിപ്തം തൻമാസം അവസാന ദിവസം തന്നെ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ആയവ എഴുതി സൂക്ഷിച്ചിട്ടില്ല.

കൂടാതെ KL 59 D 7509 എന്ന വാഹനത്തിന്റെ മാത്രമേ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുള്ളൂ. മറ്റ് രണ്ട് വാഹനങ്ങളുടെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. യാത്ര സംബന്ധിച്ച് ആവശ്യമായ മുഴുവൻ രേഖപ്പെടുത്തലുകളും ലോഗ് ബുക്കിൽ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് കൃത്യമായി നടത്തേണ്ടതാണ്.

## 3-7 തെരുവു വിളക്ക് രജിസ്റ്റർ കുറ്റമറ്റതാക്കിയില്ല.

പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം 404 സിഎഫ്എൽ ലാമ്പുകളും, 12 എസ് വി എൽ ലാമ്പുകളും, 10 എഫ്എൽ ലാമ്പുകളും, 344 ഓഡിനറി ബൾബും ഉൾപ്പെടെ ആകെ 770 തെരുവ് വിളക്കുകൾ ഉള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിക്കായി ആകെ 2,33,220/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിളക്ക് ഒന്നിന് 480/- രൂപ വീതം 648 വിളക്കുകൾക്ക് 3,10,400/- രൂപയ്ക്കാണ് എഎംസി നൽകി പ്രവൃത്തി നടപ്പിലാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രജിസ്റ്റർ പ്രകാരമുള്ള 770 തെരുവു വിളക്കുകളിൽ ഉപയോഗ ശൂന്യമായതും, ട്യൂബ് ലൈറ്റ്, സോഡിയം വേപ്പർ ലാമ്പ് എന്നിവയും ഒഴിവാക്കി ബാക്കിയുള്ളവ ഫിസിക്കൽ വേരിഫിക്കേഷൻ നടത്തിയാണ് 648 തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കിയിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം 404 സിഎഫ് എൽ ലാമ്പുകൾ ഉള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പൊരുത്തക്കേടിന് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതും പൊരുത്തക്കേട് ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-8 ഒഴിഞ്ഞ ബാരൽ വില ഒടുക്കുന്നത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പഞ്ചായത്തിന്റെ വാർഷിക കണക്ക് പ്രകാരം മുൻവർഷങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളിലെ ബില്ലുകളിൽ നിന്നും ഈടാക്കിയിട്ടുള്ള കാലി ബാരലിന്റെ വില 8,568/-

രൂപ തനത് ഫണ്ടിലാണ് ഒടുക്കിയിട്ടുള്ളത്. 03.10.2007- ലെ സർക്കുലർ നമ്പർ 59827/എഫ് /എം/2007 ഉത്തരവ് പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഏത് ഫണ്ട് ഉപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ ഫണ്ടിലേക്ക് തുക തിരിച്ചടക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (2016-17)

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 1,50,000 | നെൽകൃഷി വികസന പദ്ധതി പ്രൊജക്ട്. 46/17 | 1,50,000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 3,00,000 | ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവ്, 40/17 | 2,96,166 | +3,834 |
| 3 | ജില്ലാ പഞ്ചായത്ത് | 1,25,000 | ബഡ്സ് സ്കൂൾ ഭക്ഷണം 41/17 | 1,16,827 | 8,173 |
| 4 | ജില്ലാ പഞ്ചായത്ത് | 80,000 | ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ 95/17 | 0 | 80,000 |
| 5 | ജില്ലാ പഞ്ചായത്ത് | 1,00,000 | സാന്ത്വന പരിചരണ പരിപാടി 51/17 | 69,082 | 30,918 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തുക |
| KSEB | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 41600255,28.03.17 | 7,02,850 | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 7,02,850 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം/ വായ്പ അനുവദിച്ച സ്ഥാപനം/ ഉത്തരവ് നമ്പർ | വായ്പ തുക | തിരിടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി കൊളച്ചേരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് 274/10, തീയ്യതി 27.01.2010 | 57,35,500 | 21,63,700 | 5,73,550 | - | 15,90,150 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2016-17 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,42,768 |
| തൻവർഷം നിക്ഷേപിച്ച തുക | 31,706 |
| ആകെ | 3,74,474 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3,74,474 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | നമ്പർ |
|---|---|---|
| കൊളച്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3,74,474 | 2591 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരി | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|
| 2015-16 | 2-5 | 800 | മാവേലി സ്റ്റോർ, ചേലേരി മുക്ക് | 11602106816 dt.20.02.2017 |
| 2013-14 | 2-1(1) | 250 | റാണി.പി, എൽ.ഐ. | 11602102764 dt.11.08.2016 |
| 2013-14 | 2-1(1) | 250 | രാജേഷ് കുമാർ.കെ | 11602102765 dt.11.08.2016 |
| 2013-14 | 2-1(1) | 150 | സി.എം. പവിത്രൻ. പി.ടി.എസ് | 11602102779 dt.12.08.2016 |
| 2013-14 | 2-1(1) | 250 | ടി.ഹന്നത്ത്, സീനിയർ ക്ലർക്ക് | 11602102806 dt.16.08.2016 |
| 2013-14 | 2-1(1) | 250 | എം.സി.സന്തോഷ് കുമാർ | 11602102807 dt .6.08.2016 |
| 2013-14 | 2-1(1) | 150 | ലീല | 11602102826 dt.17.08.2016 |
| 2013-14 | 2-1(1) | 250 | രാജീവ് കുമാർ. പി. | 11602102829 dt.17.08.2016 |
| 2014-15 | 2-1(1) | 150 | രേഷ്മ.സി, അറ്റന്റർ | 11602102855 dt.18.08.2016 |
| 2013-14 2014-15 | 2-1(2) | 5000 | ബ്രാഞ്ച് മാനേജർ, എൽ.ഐ.സി. | 11602500008 dt.23.09.2016 |
| 2015-16 | 2-1(2) | 2500 | ബ്രാഞ്ച് മാനേജർ, എൽ.ഐ സി. | 11602500009 dt.23.09.2016 |
| 2012-13 | 3-14(2) & 3-15 | 11447 | നിയാസ്. എം, കോൺട്രാക്ടർ | 11602102361 dt.14.07.2016 |
| 2014-15 | 3-18 | 45944 | എം. മുഹമ്മദ് കുഞ്ഞി, കോൺട്രാക്ടർ | 11602103084 dt.01.09.2016 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| തൻവർഷത്തെ വരവ് | 3,93,96,023 |
| തൻവർഷത്തെ ചെലവ് | 3,49,66,339 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,00,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| -----ഇല്ല----- | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,00,000 | ഹരിദാസൻ മൂളിയിൽ, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ------ഇല്ല----- | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്/കെഎൻആർ/സി2/325/15(1)<br>തീയ്യതി 04.12.2015 | 2 |
| 1998-1999 | എൽ.എഫ്/കെഎൻആർ/സി2/325/15(2)<br>തീയ്യതി 04.12.2015 | 3 |
| 1999-2000 | എൽ.എഫ്/കെഎൻആർ/സി2/325/15(3)<br>തീയ്യതി 04.12.2015 | 3 |
| 2003-04 | എൽ.എഫ്/കെഎൻആർ/സി2/325/15(4)<br>തീയ്യതി 04.12.2015 | 5 |
| 2004-05 | എൽ.എഫ്/കെഎൻആർ/സി2/325/15(5)<br>തീയ്യതി 04.12.2015 | 2 |
| 2005-06 | എൽ.എഫ്/കെഎൻആർ/സി2/325/15(6)<br>തീയ്യതി 04.12.2015 | 5 |
| 2006-07 | എൽ.എഫ്/കെഎൻആർ/സി2/325/15(7)<br>തീയ്യതി 04.12.2015 | 3 |
| 2007-08 | എൽ.എഫ്/കെഎൻആർ/സി2/325/15(8)<br>തീയ്യതി 04.12.2015 | 2 |
| 2008-09 | എൽ.എഫ്/കെഎൻആർ/സി2/325/15(9)<br>തീയ്യതി 04.12.2015 | 11 |
| 2009-10<br>2010-11 | എൽ.എഫ്/കെഎൻആർ/സി2/325/2015 (10)<br>തീയ്യതി 04.12.2015 | 4 |
| 2011-12 | എൽ.എഫ്/കെഎൻആർ/സി2/18/2015 | 17 |

| | | |
|---|---|---|
| 2012-13 | തീയ്യതി 26.2.2015/19.03.2015 | |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി2/1172/2016 തീയ്യതി 22.07.2016 | 20 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി2/2062/16 തീയ്യതി 27.12.2016. | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ/കെ.എൻ.ആർ/സി.6/1381/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 04972-707698
തീയ്യതി: 10.08.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ചുവടെ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No.KSA/KNR/C6/1381/2017.

Kerala State Audit Department,

District Audit Office, Kannur,

Phone 04972-707698

E-Mail- doknr.ksad@kerala.gov.in

Date: 10.08.2017.

Certified that I have audited the Annual Financial Statement of Kolachery Gramapanchayath in KANNUR District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kolachery Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

DISTRICT AUDIT OFFICE, KANNUR.

## അനുബന്ധം-2

# Kolachery Grama Panchayath Income & Expenditure statement For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 45,13,271.00 |
| 130000000 | Rental Income from panchayath properties | I-3 | 93,730.00 |
| 140000000 | Fee & User charges | I-4(b) | 6,90,155.00 |
| 150000000 | Sale & Hire Charges | I-5(b) | 3,06,870.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 7,54,02,840.00 |
| 170000000 | Income from investment | I-7 | 31,706.00 |
| 171000000 | Interest Earned | I-8 | 3,52,172.00 |
| A | Total Income | | 8,13,90,744.00 |
| Expenditure | | | |
| 210000000 | Establishment Expenses | I-10(b) | 74,11,221.00 |
| 220000000 | Administrative Expenses | I-11(b) | 7,03,696.00 |
| 230000000 | Operations & Maintanance | I-12(b) | 11,97,168.00 |
| 240000000 | Interest & Finance Charges | I-13 | 19,172.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 81,34,280.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 1,35,57,081.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 8,74,824.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 9,61,970.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes | I-14(d) | 4,00,79,695.00 |

| | | | |
|---|---|---|---|
| 255000000 | Maintanance Projects | I-14(e) | 50,63,883.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 2,200.00 |
| 272000000 | Depreciation | I-17(a) | 71,20,429.00 |
| B | Total –Expenditure | | 8,51,25,619.00 |
| C=A-B | Gross Surplus/Deficit of Income over Expenditure | | (37,34,875.00) |
| 280000000 | Prior period Item | I-18 | (2,71,671.00) |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 34,63,204.00 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet (Panchayat Fund) | | |

DEPUTY DIRECTOR.

## അനുബന്ധം-3

# Kolachery Grama Panchayath Receipt And Payment Statement For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount (Rs.) |
|---|---|---|---|

| | | | |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 1,29,76,077.00 |
| | Cash | RP-40(a) | 0.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 15,09,489.00 |
| 130000000 | Rental Income panchayath Properties | RP-3 | 72,550.00 |
| 140000000 | Fees &User Charges | RP- 4 | 5,70,590.00 |
| 150000000 | Sale &Hire Charges | RP- 5 | 2,01,150.00 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 1,02,75,236.00 |
| 171000000 | Interest Earned | RP- 9 | 3,52,172.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 2,04,21,574.00 |
| 350000000 | Other Liabilities | RP-36 | 11,39,866.00 |
| NonOperating | | | |
| 310000000 | Panchayat Fund | RP- 28 | 0.00 |
| 311000000 | Earmarked Funds | RP-29 | 62,087.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP- 34 | 1,10,803.00 |
| 350000000 | Other Liabilities | RP- 36 | 10,13,786.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 33,26,630.00 |
| 460000000 | Loans,Advances and Deposits | RP- 47 | 3,40,190.00 |
| Grand Total | | | 5,23,72,100.00 |
| Payments | | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 21,29,920.00 |
| 220000000 | Administrative Expenses | RP-12 | 7,03,696.00 |
| 230000000 | Operatations &Maintanance | RP-13 | 11,97,168.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 26,78,067.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 98,66,717.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 8,74,824.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 9,61,970.00 |

| | | | |
|---|---|---|---|
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 15,71,680.00 |
| 255000000 | Maintanance Projects | RP-20 | 50,63,883.00 |
| 256000000 | Other Revenue Grants and Funds – Revenue Expwnses | RP-21 | 2,200.00 |
| 280000000 | Prior Period Item | RP-26 | -34,653.00 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 4,48,732.00 |
| 350000000 | Other Liabilities | RP-36 | 50,56,394.00 |
| NonOperating | | | |
| 240000000 | Interest &Finance Charges | RP-14 | 19,172.00 |
| | Secured loans | RP-29 | 67,500.00 |
| | Deposits received | RP-32 | 5,73,550.00 |
| 340000000 | Deposits Received | RP-34 | 28,600.00 |
| 350000000 | Other Liabilities | RP-36 | 21,87,571.00 |
| 410000000 | Fixed Assets | RP-38 | 7,51,498.00 |
| 412000000 | Capital Work In Progress | RP-40 | 0.00 |
| 460000000 | Loans,Advances and Deposits | RP-47 | 8,17,850.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank | RP-40(b) | 1,74,05,761.00 |
| | Cash | RP-40(b) | 0.00 |
| Grand Total | | | 5,23,72,100.00 |

DEPUTY DIRECTOR

## അനുബന്ധം-4

# Kolachery Grama Panchayath Balance Sheet As on 31 March, 2017

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|

| LIABILITIES | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat Funds | B-1 | (-8,64,776.14) |
| 311000000 | Earmarked Funds | B-2 | 20,417.00 |
| 312000000 | Reserves | B-3 | 2,95,74,102.00 |
| | Total Reserve & Surplus | | 2,87,29,742.86 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 26,37,958.00 |
| | Total Grants, Funds & Contributions for Specific Purposes | | 26,37,958.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 15,90,150.00 |
| | Total Loans | | 15,90,150.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 5,21,980.00 |
| 350000000 | Other Liabilities | B-9 | 6,04,570.14 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 11,26,550.14 |
| | Total Liabilities | | 3,40,84,401.00 |
| ASSETS | | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 3,28,66,911.00 |
| 411000000 | Accumulated Depreciation | B-11 | (1,91,76,937.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 1,36,89,974.00 |
| 420000000 | Investment | B-12 | 3,74,474.00 |
| | Total Investment | | 3,74,474.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock in hand | B-14 | 4,168.00 |
| 431000000 | Sundry Debtors (Receivables) | B-15 | 3,03,251.00 |
| 440000000 | Pre-paid Expenses | B-16 | 15,90,150.00 |
| 450000000 | Cash and Bank balance | B-17 | 1,74,05,761.00 |
| 460000000 | Loans,Advances and Deposits | B-18 | 7,16,623.00 |
| | Total Current Assets,Loans and Advances | | 2,00,19,953.00 |

| | | | |
|---|---|---|---|
| | | | |
| | Total Assets | | 3,40,84,401.00 |

DEPUTY DIRECTOR